മുല്ലപ്പെരിയാർ നദീജല കരാർ

32 [1813] ശ്രീ. സി. പി. മുഹമ്മദ്:

" ഡൊമിനിക് പ്രസന്റേഷൻ:

" എ. കെ. മണി:

" എൻ. ശക്തൻ:

" ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ നദീജല കരാറനുസരിച്ച് അതിലെ വെള്ളം തമിഴ്നാടിന് എതെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിക്കാവുന്നത്; എതെല്ലാം ആവശ്യങ്ങൾക്കാണ് ഇപ്പോൾ ഉപയോഗിക്കുന്നതായി അറിയുന്നത്;

(ബി) ഇത് കരാർ ലംഘനമാണോ;

(സി) കരാർ പ്രകാരം ഈ വെള്ളം തമിഴ്നാടിന്റെ ഏതെല്ലാം ഭാഗങ്ങളിലാണ് ഉപയോഗിക്കാവുന്നത്; ഇപ്പോൾ ആ വെള്ളം തമിഴ്നാടിന്റെ ഏതെല്ലാം ഭാഗങ്ങളിൽ ഉപയോഗിക്കുന്നു;

(ഡി) കരാറിൽ പറയുന്നതിൽ കൂടുതൽ പ്രദേശങ്ങളിൽ വെള്ളം ഉപയോഗിക്കുന്നപക്ഷം അത് കരാർ ലംഘനമാണോ എന്നറിയിക്കാമോ;

(ഇ) എങ്കിൽ അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണെന്ന് വെളിപ്പെടുത്താമോ;

(എഫ്) മുല്ലപ്പെരിയാർ ജലം തമിഴ്നാട് ഉപയോഗിക്കുന്നത് സംസ്ഥാനത്തിന് ഗുണകരമല്ലാത്തപക്ഷം കരാർ ലംഘനത്തിനെതിരെ കോടതിയെ സമീപിക്കാത്തതിന്റെ കാരണം അറിയിക്കാമോ?

ഉത്തരം

(എ) 1886-ലെ മുല്ലപ്പെരിയാർ നദീജലക്കരാർ അനുസരിച്ച് മുല്ലപ്പെരിയാർ ഡാമിലെ ജലം തമിഴ്നാട്ടിലെ പടിഞ്ഞാറൻ ഭാഗങ്ങളിലേക്ക് തിരിച്ചുവിട്ട് മധുര ജില്ലയിലെ വരൾച്ച ബാധിത പ്രദേശങ്ങളിലെ ജലസേചനത്തിന് ഉപയോഗിക്കാം. 29-5-1970-ൽ ഒപ്പുവച്ച പെരിയാർജല വൈദ്യുത അനുബന്ധകരാർ അനുസരിച്ച് മുല്ലപ്പെരിയാറിലെ ജലം ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള അനുമതി കേരളം തമിഴ്നാടിനു നൽകി.

ഇപ്പോൾ തമിഴ്നാട് ജലാസേചനം നടത്താനും, വൈദ്യുതി ഉത്പാദിപ്പിക്കാനും മുല്ലപ്പെരിയാറിലെ ജലം ഉപയോഗിക്കുന്നതായി അറിയുന്നു.

(ബി) അല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1886-ലെ പെരിയാർ പാട്ടക്കരാർ പ്രകാരം മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലം തമിഴ്നാട്ടിലെ പടിഞ്ഞാറൻ ഭാഗങ്ങളിലേക്ക് തിരിച്ചുവിട്ട് മധുര ജില്ലയിലെ വരൾച്ച ബാധിത പ്രദേശത്തെ കൃഷിക്ക് ഉപയോഗിക്കാൻ വേണ്ടിയാണ് ഉദ്ദേശിച്ചിരുന്നത്. 1970-ലെ അനുബന്ധ കരാർ അനുസരിച്ച് ഈ ജലത്തിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള അവകാശം തമിഴ്നാടിന് നൽകി. മുല്ലപ്പെരിയാർ അണക്കെട്ടിൽ സംഭരിക്കുന്ന ജലം ടണൽ വഴി ഫോർബേഡാമിൽ എത്തിച്ച് വൈദ്യുതി ഉത്പാദിപ്പിച്ച ശേഷം വൈരവനാറിലേക്ക് ഒഴുക്കിവിടുന്നു. വൈരവനാറും ശുരുളിയാറും, തേനിയാറും ഒരുമിച്ച് വൈഗ നദിയിൽ എത്തിച്ചേരുന്നു. വൈഗ ഡാമിലെ ജലത്തിന്റെ ഉപയോഗത്തെക്കുറിച്ച് മുല്ലപ്പെരിയാർ പാട്ടക്കരാറിൽ പരാമർശിച്ചിട്ടില്ല. തൻമൂലം മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലം തമിഴ്നാട്ടിൽ ഏതെല്ലാം പ്രദേശത്ത് എപ്രകാരം ഉപയോഗിക്കുന്നു എന്ന് വേർതിരിച്ചറിയാൻ കഴിയില്ല.

(ഡി) കരാറിൽ വെള്ളം ഉപയോഗിക്കാവുന്ന പ്രദേശങ്ങളുടെ വിസ്തൃതി പ്രതിപാദിച്ചിട്ടില്ല. അതിനാൽ ഇതിൽ കരാർ ലംഘനം ആരോപിക്കുവാൻ സാധിക്കുമെന്നു തോന്നുന്നില്ല.

(ഇ) 'ഡി' പിരിവിന് നൽകിയ മറുപടിയുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ഉദിക്കുന്നില്ല.

മുല്ലപ്പെരിയാർ നദീജല കരാർ

33 [1814] ശ്രീ. ടി. വി. ചന്ദ്രമോഹൻ:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, പി. ടി. തോമസ്:

,, കെ. എ. ചന്ദ്രൻ:

,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ നദീജലക്കരാറുണ്ടാക്കിയതെന്നാണ്; അതിന്റെ കാലാവധി എത്രയാണെന്ന് അറിയിക്കാമോ;

(ബി) എന്തെല്ലാം സാധനങ്ങളുപയോഗിച്ചാണ് അണ കെട്ടിയിട്ടുള്ളത്;

(സി) ഈ അണക്കെട്ടിന് പ്രസ്തുത കരാറിൽ ഇപ്പോൾ കാണുന്ന കാലാവധി വരെ നിലനിൽക്കുവാൻ കഴിയുമോ; ഇല്ലെങ്കിൽ ഇപ്രകാരമൊരു കാലാവധി നിശ്ചയിച്ചതിൽ അസാംഗത്യമുണ്ടെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly